**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2745** **24-06-2024 - ൽ മറുപടിയ്ക്ക്**

**യുവജന സംരംഭക സഹകരണ സംഘാംഗങ്ങളുടെ പ്രായപരിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി കെ പ്രശാന്ത് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പുതുതായി രൂപീകരിച്ച യുവജന സംരംഭക സഹകരണ സംഘങ്ങളിലെ അംഗങ്ങളുടെ പ്രായപരിധി ഉൾപ്പടെ അംഗത്വം സംബന്ധിച്ച പൊതു നിബന്ധനകൾ വിശദമാക്കാമോ; | (എ) | 18 വയസ്സിനും 45 വയസ്സിനും ഇടയിൽ പ്രായമുള്ളവരും നൂതന ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിൽ തത്പരരുമായ സഹകരണ മൂല്യങ്ങളിൽ വിശ്വസിക്കുന്ന യുവജനങ്ങൾക്ക് സാമൂഹ്യ സാമ്പത്തിക, സാംസ്കാരിക പുരോഗതി കൈവരിക്കുന്നതിനായി സംരംഭങ്ങൾ ആരംഭിക്കുക ആയത് വഴി യുവജനങ്ങളെ സഹകരണ മേഖലയിലേയ്ക്ക് ആകർഷിക്കുക എന്നുള്ളതാണ് യുവ സഹകരണ സംഘങ്ങളിലെ അംഗത്വം സംബന്ധിച്ച പൊതു നിബന്ധന. |
| (ബി) | പ്രസ്തുത സംഘങ്ങളിൽ അംഗങ്ങളായ സംരംഭകരുടെ പ്രായപരിധി കഴിയുമ്പോൾ അവരെ സി ക്ലാസ് മെമ്പർമാരായി നിലനിർത്തുന്നതിനുള്ള നിയമ ഭേദഗതി പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ബി) | സംസ്ഥാനത്തെ സഹകരണ മേഖലയുടെ സമഗ്ര പരിഷ്കരണം ലക്ഷ്യമിട്ടുള്ള കേരള സഹകരണ സംഘം (ഭേദഗതി) നിയമം, 2023 07.06.2024ലെ No.142/Leg.H2/2022/Law നമ്പറായി വിജ്ഞാപനം ചെയ്തിട്ടുണ്ട്.<br><br>യുവജന സഹകരണ സംഘങ്ങളിലെ വോട്ടവകാശമുള്ള അംഗങ്ങളുടെ പ്രായപരിധി 45 വയസ്സായി നിജപ്പെടുത്തിയിട്ടുണ്ട്. 45 വയസ്സ് പൂർത്തിയാകുമ്പോൾ അങ്ങനെയുള്ള അംഗങ്ങളുടെ അംഗത്വം നിലവിൽ ഇല്ലാതാകുന്നതും അവർ സംഘത്തിന്റെ അസോസിയേറ്റ് അംഗം ആകുന്നതാണെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ